കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1630/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ- 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 29.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാണഞ്ചേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-13 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി8)1630/2017 തിയ്യതി: 29.11.2017

## തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

I തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.3.16 മുതൽ 20.9.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.9.17 മുതൽ 28.9.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അൻവർ അലി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷീന.കെ.റ്റി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശിവദാസൻ .എ.കെ | അസി.ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ചൈതന്യ പുരുഷോത്തമൻ | അസി.ഓഡിറ്റ്ഓഫീസർ |
| | ശ്രീ.ഷാജി (25.9.17 മുതൽ 28.9.17 വരെ) | ഓഡിറ്റർ ട്രെയിനി |

<u>ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. കെ.വി .അനിത | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ.ഭാസുരാംഗൻ.വി. | 01.04.16 മുതൽ 31.03.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഹംസ.പി.ഐ | 1.4.16 മുതൽ 31.3.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഷീല.എസ് | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ശ്രീമതി.ഡോ. ആൻതോമസ് | 1.4.16 മുതൽ 1.11.16 FN വരെ |
| | ശ്രീമതി.ഡോ.ശ്രീജ | 1.11.16 AN മുതൽ 27.11.16 FN വരെ |
| | ശ്രീമതി.ഡോ.സജീന.എ | 27.11.16AN മുതൽ 31.3.17വരെ |
| വെറ്ററിനറി സർജൻ | ശ്രീ.ഡോ. ജോൺ ജേക്കബ്ബ് | 1.4.16 മുതൽ 31.3.17 വരെ |
| പ്രധാനാദ്ധ്യാപകൻ<br>ഗവ.ട്രൈബൽ എൽ .പി.സ്കൂൾ | ശ്രീമതി .രഞ്ജിനി.സി | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ | ശ്രീമതി.മീരാ വാര്യർ<br>പട്ടിക്കാട് സർക്കിൾ | 1.4.16 മുതൽ 31.3.17 വരെ |
| | ശ്രീമതി .സുമിതാ ബേബി<br>കണ്ണാറ സർക്കിൾ | 1.4.16 മുതൽ 31.3.17 വരെ |
| | പ്രജിത .സി.ബി.<br>വാണിയംപാറ സർക്കിൾ | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ദീപ്തി.എം.യു | 01.04.16 മുതൽ 31-03-17 വരെ |
| അസി.സെക്രട്ടറി | ശ്രീമതി.ജയലക്ഷ്മി | 1.4.16 മുതൽ 28.12.16 വരെ |
| | ശ്രീമതി.സിജി ജോസ് | 29.12.16 മുതൽ 11.1.17 വരെ |
| | ജെയിംസ്.കെ.സി | 12.1.17 മുതൽ 31.3.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മഹേഷ്.പി.സി | 1.4.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ശ്രീമതി. ബിനി.വി.വി | 1.4.16 മുതൽ 28.1.17 വരെ |
| | ശ്രീമതി.ശ്രീദേവി.എം.കെ | 29.1.17 മുതൽ 31.3.17 വരെ |


ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ കുടിശ്ശിക -ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 2-1 |
| 13 | ക്വാറികൾക്ക് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 2-2 |
| 14 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 2-3 |
| 15 | പരസ്യനികുതി | 2-4 |
| 16 | വാടക-അപാകതകൾ | 2-5 |
| 17 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-6 |
| 18 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ | 2-7 |
| 19 | ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് -അനുവദിച്ചിട്ടില്ല | 2-8 |
| | ഭാഗം 3 | |
| 20 | ബാലൻസ് ഷീറ്റിൽ ക്രമീകരിക്കാതെ നിൽക്കുന്ന വിവിധയിനം തുകകൾ ക്രമീകരിക്കാൻ നടപടിയെടുക്കേണ്ടതാണ്. | 3-1 |
| 21 | തെരുവു നായ നിയന്ത്രണ പരിപാടിക്ക് ജില്ലാപഞ്ചായത്തിന് കൈമാറിയ 100000 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ചെലവു നടപടി തടസ്സപ്പെടുത്തുന്നു. | 3-2 |
| 22 | പാലിയേറ്റീവ് കെയർ വാഹനവാടകയിനത്തിൽ സർക്കാർ ഉത്തരവിലുള്ളതിനേക്കാൾ അധിക തുക നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-3 |

| | | |
|---|---|---|
| 23 | ജില്ലാപഞ്ചായത്ത് വിഹിതം കർഷകർക്ക് വിതരണം ചെയ്യാതെ അക്കൗണ്ടിൽ ബാക്കിനിൽക്കുന്നു. | 3-4 |
| 24 | തനതു ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി ക്ക് നൽകിയ ഡെപ്പോസിറ്റ് വർക്കുകളുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ചെലവു നടപടി തടസ്സപ്പെടുത്തുന്നു. | 3-5 |
| 25 | സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ തെരുവു വിളക്ക് സാധനങ്ങൾ വാങ്ങലും പരിപാലിക്കലും-കോൺട്രാക്ടർമാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല | 3-6 |
| 26 | ഹെഡ്മാസ്റ്റർ, എൽ.പി.സ്കൂൾ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതി-വിദ്യാർത്ഥികൾക്ക് ഫുട്ബോൾ, നീന്തൽ പരിശീലനം,സ്പോർട്സ് കിറ്റ് വിതരണം, ഫുട്ബോൾ സമ്മർ കോച്ചിംഗ് -നടത്തിപ്പിലെ അപാകതകൾ | 3-7 |
| 27 | കൈപ്പറ്റ് രസീത് ഇല്ല- ചെലവ് തുക 482953/-രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 28 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-9 |
| 29 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ജനറേറ്റർ വാങ്ങൽ-ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി ഇല്ലാതെ ജനറേറ്റർ പ്രവർത്തിക്കുന്നു | 3-10 |
| 30 | സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് വിതരണരേഖകൾ കൃത്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-11 |
| 31 | പ്രിന്റിംഗ് ജോലികൾ കരാറ് ഏൽപ്പിച്ച സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല | 3-12 |
| 32 | ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിൽ അനിശ്ചിതമായ കാലതാമസം | 3-13 |
| 33 | ടെണ്ടർ ഫോറം വില പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്. | 3-14 |
| 34 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-15 |
| | ഭാഗം 4 | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-9 |
| 44 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2016-17 ലെ ബജറ്റ് പാസ്സാക്കിയ തീയതി /തീരുമാനം | 1.3.16/1-ാം നമ്പർ തീരുമാനം |

ബജറ്റ് പ്രകാരം ആകെ 223092000 രൂപ വരവും ചെലവ് 221448400 രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| സാമ്പത്തി കവർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.17 | 25.7.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 28.9.17 |

വാർഷിക ധനകാര്യപത്രിക സംബന്ധിച്ച കുറിപ്പുകൾ ചുവടെ ചേർക്കുന്നു.
1. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്ത ഡെപ്പോസിറ്റുകളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വാടകവരവ് വാർക്ഷികകണക്കിലെയും ഡിമാന്റ് രജിസ്റ്ററിലേതുമായി പൊരുത്തപ്പെടുന്നില്ല.
3. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ വാർഷികകണക്കിൽ ഉൾപ്പെടുന്നില്ല.
2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം& എക്സ്പെന്റീച്ചർ പത്രിക, രസീറ്റ്&പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16207812 |
| വരവ് | 100385130 |
| ആകെ | 116592942 |
| ചെലവ് | 92703010 |
| നീക്കിയിരിപ്പ് | 23889932 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 38566068 | 26902606 | 26902606 | 11663462 | 69.76 |
| വികസനഫണ്ട് എസ്.സി.പി. | 7188207 | 3665044 | 3665044 | 3523163 | 50.98 |
| വികസനഫണ്ട് ടി.എസ്.പി. | 2634441 | 606782 | 606782 | 2027659 | 23.03 |
| സംരക്ഷണഗ്രാന്റ് റോഡ് | 12935643 | 8341782 | 8341782 | 4593861 | 64.48 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5741589 | 2216399 | 2216399 | 3525190 | 38.6 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 19900192 | 13016893 | 13016893 | 6883299 | 65.41 |
| പെർഫോമൻസ് ഗ്രാന്റ് | 12231455 | 5203668 | 5203668 | 7027787 | 42.54 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 319 | 150380497 | 185 | 69196993 | 132 | 2 | 46.01% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 30.15% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7742200 | 10549011 | 2806811 | +36.25 |
| നികുതിയേതര വരവുകൾ | 1686219 | 1722360 | 36141 | +2.14 |
| ആകെ | 9428419 | 12271371 | 2842952 | 30.15 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 186480 | 129 |
| കർഷകതൊഴിലാളി പെൻഷൻ | 6656870 | 788 |
| വിധവാ പെൻഷൻ | 25080460 | 2135 |
| വാർദ്ധക്യകാല പെൻഷൻ | 27188670 | 2851 |
| വികലാംഗപെൻഷൻ | 4227695 | 498 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1121920 | 135 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 400000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.10.17 തീയതിയിൽ സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 59898 രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം തൃപ്തികരമാണ്. അപേക്ഷകൾ ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും കാലതാമസം കൂടാതെ തീർപ്പാക്കുകയും ചെയ്യുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.09.17 | 8/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.4.13 | 2012-13 | 30.07.14 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ കുടിശ്ശിക -ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അസ്സസ്സ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ നിന്നും മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ കുടിശ്ശികയുള്ളതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ടവറിന്റെ പേര് | വാർഡ് നമ്പർ/ കെട്ടിടനമ്പർ | നികുതി അസ്സസ്സ്മെന്റ് ചെയ്ത വർഷം | വസ്തു നികുതി | ലൈബ്രറി സെസ്സ് | 31.3.17 ന് ബാലൻസ് ഈടാക്കാനുള്ളത് |
|---|---|---|---|---|---|
| മാനേജർ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 6/182/A | 1.4.2013 | 19250 | 963 | 80852 |
| ഭാരത് സഞ്ചാർനിഗം ലിമിറ്റഡ്, പട്ടിക്കാട് | 7/426/B | 1.4.13 | 24569 | 1229 | 103192 |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 8/360/A | 1.4.13 | 14400 | 720 | 16800 |
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 8/360/B | 1.4.13 | 21000 | 1050 | 88200 |
| അമേരിക്കൻ ടെലി കമ്മ്യൂണിക്കേഷൻ, എറണാകുളം | 8/533/A | 1.4.13 | 21000 | 1050 | 11800 |

| | | | | | |
|---|---|---|---|---|---|
| ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം | 8/537/A | 1.4.13 | 21000 | 1050 | 11800 |
| റിലയൻസ് കമ്മ്യൂണിക്കേഷൻസ് മരത്താക്കര | 9/229/B | 1.4.13 | 15000 | 750 | 5250 |
| ഭാരത് സഞ്ചാർനിഗം ലിമിറ്റഡ്, പട്ടിക്കാട് | 9/233/A | 1.4.13 | 43924 | 2197 | 184484 |
| ഭാരത് സഞ്ചാർനിഗം ലിമിറ്റഡ്, പട്ടിക്കാട് | 11/42/B | 1.4.13 | 10296 | 515 | 43244 |
| ഭാരത് സഞ്ചാർനിഗം ലിമിറ്റഡ്, കണ്ണാറ, പീച്ചി | 13/109/A | 1.4.13 | 37080 | 1854 | 155736 |
| അമേരിക്കൻ ടെലി കമ്മ്യൂണിക്കേഷൻ, എറണാകുളം | 1/192A | 1.4.13 | 21000 | 1050 | 88200 |
| ഭാരത് സഞ്ചാർനിഗം ലിമിറ്റഡ്, കണ്ണാറ | 1/192 | 1.4.13 | 6816 | 341 | 9278 |
| ഇൻഡസ് റോവേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, പാലാരിവട്ടം | 16/118/A | 1.4.13 | 16500 | 825 | 77963 |
| റിലയൻസ് കമ്മ്യൂണിക്കേഷൻസ് മരത്താക്കര | 17/491/A | 1.4.13 | 19500 | 975 | 92138 |
| ഭാരത് സഞ്ചാർനിഗം ലിമിറ്റഡ്, പട്ടിക്കാട് | 23/186/A | 1.4.13 | 12244 | 613 | 57857 |

കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 ക്വാറികൾക്ക് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

2016-17 സാമ്പത്തികവർഷം ക്വാറികൾക്ക് ലൈസൻസ് അനുവദിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു

ലൈസൻസ് അനുവദിക്കുന്നതിനായി ക്വാറി ഉടമകൾ സമർപ്പിച്ച രേഖകളിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ക്വാറിയിംഗ് സർട്ടിഫിക്കറ്റിന്റെ കാലാവധി സാമ്പത്തികവർഷം അവസാനിക്കും മുമ്പേ അവസാനിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നമ്പർ | ഉടമസ്ഥന്റെ പേര് | ക്വാറിയിംഗ് പെർമിറ്റ് നൽകിയ തീയതി |
|---|---|---|

| | | |
|---|---|---|
| 3/2016 | വേണഗോപാലൻ, പാപ്പുള്ളി വീട് , പീച്ചി | 11.2.15 |
| 1/2016 | ഷൈജി യോഹന്നാൻ, കോയിക്കരഹൗസ്, ചുവന്നമണ്ണ് | 24.11.16 |

രേഖകൾ പുതുക്കി സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/27.9.17)മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അനുമതി പത്രങ്ങളുടെ കാലയളവിലേക്ക് മാത്രമായി ലൈസൻസ് നൽകുന്നതിനായി ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

താഴെ പറയുന്ന സ്ഥാപനങ്ങൾ 1997ലെ കേരളാ പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ)ചട്ടങ്ങൾ ചട്ടം 3പ്രകാരം രജിസ്ട്രേഷൻഎടുത്തിട്ടുള്ളതായി കാണുന്നില്ല.

1.അലീസ് ഹോസ്പിറ്റൽ (ഡോ. അലി.ടി. മൊയ്തുണ്ണി)

2.ഇന്ത്യൻ മെഡിക്കൽ റിസർച്ച് ലബോറട്ടറി ( പദ്മിനി പ്രഭാകരൻ)

സ്ഥാപനങ്ങൾ ചട്ടപ്രകാരം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ചട്ടപ്രകാരം പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ചട്ടലംഘനത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പരസ്യനികുതി

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളം പരസ്യം കാണുന്നുണ്ടെങ്കിലും അക്കൗണ്ട്സ് പ്രകാരം ഈയിനത്തിൽ വരവൊന്നുമില്ല. 1994ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209ഉം അനുബന്ധങ്ങളും പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കുന്നു. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയം സൂചിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 വാടക-അപാകതകൾ

വാടക രജിസ്റ്റർ,ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെപറയുന്ന അപാകതകൾ കാണുന്നു.

1.പഞ്ചായത്ത് വക താഴെപറയുന്ന മുറികൾ വാടകയ്ക്ക് എടുത്ത വ്യക്തികൾ വാടക അടവാക്കിയതായി കാണുന്നില്ല.

| പേര് | റൂം | ഈടാക്കേണ്ട |
|---|---|---|

| | നമ്പർ | തുക |
|---|---|---|
| രേഖ w/o കൊച്ചനിയൻ | 3/960 | 2004x12=24048 |
| രാജൻ , പാലത്തും പറമ്പിൽ | 3/964 | 1851x12=22212 |

വാടക പിഴപ്പലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്

2.3/954 എന്ന മുറി മെയിന്റനൻസ് വേണം എന്ന കാരണത്താൽ വാടകയ്ക്ക് നൽകിയിട്ടില്ല. മെയിന്റനൻസ് നടത്തി മുറി വാടകയ്ക്ക് നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-6 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെപറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 1 |
| 2 | കൊശമറ്റം ഫിനാൻസ് | 1 |
| 3 | കെ.എസ്.ഇ.ബി | 1 |
| 4 | ദുർഗ്ഗാ കുറീസ് | 1 |
| 5 | കാരായ്ക്കൽ ഫിനാൻസിയേഴ്സ് | 1 |
| 6 | പഞ്ചാബ് നാഷണൽ ബാങ്ക് | 1 |
| 7 | മാക്സ് വാല്യൂ ക്രെഡിറ്റ് ആന്റ് ഇൻവെസ്റ്റ്മെന്റ് പ്രൈവററ് | 1 |
| 8 | സെന്റ് ബേസിൽ ഗ്രാനൈറ്റ്സ് | 1,11 |
| 9 | ആന്റണീസ് ഗ്രാനൈറ്റ്സ് | 1,11 |
| 10 | പീച്ചി സഹകരണബാങ്ക് നീതി പെട്രോളിയം | 1,11 |
| 11 | ക്ഷീരോത്പാദകസഹകരണസംഘം പട്ടിക്കാട് | 1,11 |
| 12 | ക്ഷീരോത്പാദകസഹകരണസംഘം,വിലങ്ങന്നൂർ | 1,11 |
| 13 | ക്ഷീരോത്പാദകസഹകരണസംഘം, വഴുക്കുംപാറ | 1,11 |
| 14 | ഗുരുദേവ HP ഗ്യാസ് ഏജൻസീസ് | 1,11 |

പഞ്ചായത്തിനുണ്ടായ നികുതി നഷ്ടം പിഴപ്പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും അപാകത മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-7 ഡി .ആന്റ് .ഓ ലൈസൻസ് അപാകതകൾ

1. 2016-17 സാമ്പത്തികവർഷം ഡി.ആന്റ്.ഒ ലൈസൻസ് നൽകിയതിൽ മിക്ക അപേക്ഷകളിലും സെക്രട്ടറിയുടെ ഒപ്പ്, അന്വേഷണ റിപ്പോർട്ട് എന്നിവ ഉള്ളതായി കാണുന്നില്ല. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനം |
|---|---|---|
| 1 | വർഗ്ഗീസ്, അട്ടക്കോലി, പട്ടിക്കാട് | സീഫുഡ് ഏജൻസി |
| 2 | സിജോ ബേബി, കള്ളിയത്ത്, പട്ടിക്കാട് | ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിൽപ്പന |
| 3 | ബാലൻ , വാക്കത്ത് ഹൗസ് | സ്റ്റേഷനറി |
| 4 | എം.ജി.ഭാസ്കരൻ, മണ്ണത്ത് വീട്, പാണഞ്ചേരി | ഹാർഡ്‌വെയർ വില്പന |
| 5 | ഈ.കെ.സജി, ഇലവും കുടിയിൽ | പന്നി ഫാം |
| 6 | ഷീല എബ്രഹാം, മാവുങ്കൽ | ബേക്കറി |
| 7 | ബിജു .വി.ജെ, വട്ടത്തകിടിയിൽ<br>പൂവൻചിറ | ഹോട്ടൽ |

2.സാനിട്ടറി സർട്ടിഫിക്കറ്റ് ഹാജരാക്കാതെ താഴെപറയുന്ന ഹോട്ടലുകൾക്കും ഭക്ഷ്യസാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിരിക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനം |
|---|---|---|
| 1 | ഇന്ദിര, കുർച്ചം വീട്ടിൽ | ഹോട്ടൽ |
| 2 | അജീഷ്, തണ്ടാശ്ശേരിൽ | ഹോട്ടൽ |
| 3 | വർഗ്ഗീസ് .പി.ജി, പുത്തൻപറമ്പിൽ | ഹോട്ടൽ |
| 4 | സി.വാസുദേവൻ, ഉമ്പുളം പൊറ്റ വീട് | ഹോട്ടൽ |
| 5 | ഷീജ ജോൺസൺ, പറക്കാട്ടിൽ ഹൗസ് | ബേക്കറി |
| 6 | മൂസ s/oമുഹമ്മദ്, ഹയ്യാത്ത് | ഹോട്ടൽ |
| 7 | ടി.വി.തോമസ്, തോട്ടാമറ്റത്തിൽ | കേറ്ററിംഗ് |

3.പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കാതെ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | സ്ഥാപനം |
|---|---|---|
| 1 | ഷോബിൻ സാം, തോപ്പിൽ കളത്തിൽ | വെൽഡിംഗ് വർക്ക്ഷോപ്പ് |
| 2 | എ.ടി മേരി, കൈനിക്കര ഹൗസ് | പ്രിന്റേഴ്സ് |
| 3 | അനീഷ്, വെട്ടത്ത് ഹൗസ് | ഗ്രിൽ വർക്ക് |
| 4 | കുഞ്ഞുമോൾ, മറ്റത്തിൽ വീട് | ഫ്ലോർമിൽ |
| 5 | ഇ.വി.പോൾ, എടപ്പാറ വീട് | ഇലക്ട്രിക്കൽ ഹാർഡ്‌വെയർ ഷോപ്പ് |

| | | |
|---|---|---|
| 6 | ജോസ്.കെ.ജെ, കൈമല ഹൗസ് | സിമന്റ് കച്ചവടം |
| 7 | ബിജു ജോൺ, തെക്കുംചേരിൽ | ടു വീലർ സർവ്വീസ് സെന്റർ ആന്റ് സെയിൽസ് |
| 8 | ഷഫീക്ക്, ഹാജി വീട് | വെൽഡിംഗ് വർക്ക്ഷോപ്പ് |
| 9 | വി.ജി.ജോൺ, വട്ടക്കാട്ട്ശ്ശേരി | ഫ്ലോർമിൽ |
| 10 | സി.പി .വർഗ്ഗീസ് ,ചിററിപ്പറമ്പിൽ | ഫ്ലോർമിൽ |
| 11 | എം.എൻ.മാത്യൂ.മാങ്കുഴിയിൽ | വർക്ക് ഷോപ്പ് |
| 12 | ലീല ,അരീക്കൽ | ഫ്ലോർമിൽ |
| 13 | കുര്യച്ചൻ, കദളിപ്പറമ്പിൽ | ഫ്ലോർമിൽ |

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് -അനുവദിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷം ഡി.ആന്റ് .ഒ ലൈസൻസ് അനുവദിച്ച താഴെ പറയുന്ന വ്യക്തികളുടെ പൗൾട്ടി ഫാമുകളിൽ നിന്നും 2012ലെ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നില്ല.

1.എം.കെ . പത്മനാഭൻ, മറ്റപ്പിള്ളി ഹൗസ്

2.ബിജി ഹൈജൻസ്

3.പ്രിൻസി.വി.വി

4.തോമസ്.വി.ജോൺ

5.ജേക്കബ്ബ് ചാക്കോ

6.അശോകൻ

7.മേരി ഏലിയാസ്

8.പ്രിൻസ് ജോസഫ് ,കല്ലൂക്കാരൻസ് പൗൾട്ടി ഫാം

9.സൽവി.കെ.കെ

10.ഇ.കെ.സജി .ഇലവും കുടിയിൽ

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ 2012 ,ചട്ടം 3,ഉപചട്ടം (1)ൽ പറഞ്ഞതിനേക്കാൾ കൂടുതൽ എണ്ണം മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടു പോകുവാനോ ഉപചട്ടം (2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ ഡി.ആന്റ്.ഒ ലൈസൻസിനായി ഹാജരാക്കിയ അപേക്ഷയിന്മേൽ മൃഗങ്ങളുടേയോ പക്ഷികളുടേയോ എണ്ണം ചേർത്തിട്ടില്ല എന്നിരിക്കെ ചട്ടലംഘനത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബാലൻസ് ഷീറ്റിൽ ക്രമീകരിക്കാതെ നിൽക്കുന്ന വിവിധയിനം തുകകൾ ക്രമീകരിക്കാൻ നടപടിയെടുക്കേണ്ടതാണ്.

1. ഗുണഭോക്തൃ വിഹിതമിനത്തിൽ 01-04-2016 ന് 140200 രൂപ ഓപ്പണിംഗ് ബാലൻസായി ലെഡ്ജർ അക്കൗണ്ടിലുണ്ട്. വർഷാന്ത്യ ബാലൻസ് ഷീറ്റിൽ 239200 രൂപ B4 സ്റ്റേറ്റ്മെന്റിൽ ഇതേ ഹെഡിൽ ബാലൻസുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.
2. ജലനിധി പദ്ധതി പ്രകാരം കിട്ടിയ തുകയിൽ 2228260 രൂപ ചെലവഴിക്കാതെ ബാലൻസ് നിലനിൽക്കുന്നത് ക്രമീകരിക്കേണ്ടതാണ്.
3. ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂളിൽ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 821300 രൂപ അക്കൗണ്ടിൽ സൂക്ഷിച്ചതായി കാണുന്നു. ഈ തുക ക്രമീകരിക്കേണ്ടതാണ്
4. ബാലൻസ് ഷീറ്റിൽ അഡ്വാൻസ് ടു അതേഴ്സ് എന്ന ഹെഡിൽ 238204 രൂപ ക്രമീകരിക്കാനായി ബാക്കി നിൽക്കുന്നുണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ നിന്നും ഈ തുക മുൻ വർഷവും ബാക്കിനിന്നിരുന്നു എന്ന് വ്യക്തമാണ്. മേൽ തുക ക്രമീകരിക്കാൻ നടപടിയെടുക്കേണ്ടതാണ്

## 3-2 തെരുവു നായ നിയന്ത്രണ പരിപാടിക്ക് ജില്ലാപഞ്ചായത്തിന് കൈമാറിയ 100000 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ചെലവു നടപടി തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ. So 51/17

ബിൽ നമ്പർ. P8/16-17 dt. 01/03/17, തുക 55000

ചെക്ക് നമ്പർ. 1961968 dt. 01/03/17, തുക 45000

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ.

ഈ പ്രോജക്ടിന്റെ ഭാഗമായി 100000 രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 100000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 പാലിയേറ്റീവ് കെയർ വാഹനവാടകയിനത്തിൽ സർക്കാർ ഉത്തരവിലുള്ളതിനേക്കാൾ അധിക തുക നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ നടപ്പാക്കിയ 72/16-17 പ്രോജക്റ്റ് സ്വാന്തനപരിചരണ പരിപാടിയിൽ വാഹനവാടകയിനത്തിൽ ദിവസമൊന്നിന് 1300 രൂപ നിരക്കിൽ വാടക നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പിന്റെ ഉത്തരവ് (സാധാ) നം. 3217/2015/ ത.സ്വ.ഭ.വ തി. 29.10.2015 ഖണ്ഡിക 2.6.5 ix (3) പ്രകാരം 45 കി.മീറ്റർ കൂടുതൽ ദൂരപരിധിയിൽ ഒരു ദിവസത്തേക്ക് അനുവദിക്കാവുന്ന പരമാവധി വാടക 1100 രൂപയാണ്. എന്നാൽ പാണഞ്ചേരി പഞ്ചായത്തിൽ ദിവസമൊന്നിന് 1300 രൂപ നിരക്കിലാണ് വാടക അനുവദിച്ചിട്ടുള്ളത്. നിയമപ്രകാരമുള്ള തുകയിൽ നിന്നും കൂടുതൽ തുക

അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (2/23.9.17) പാണഞ്ചേരി പഞ്ചായത്തിൽ വനപ്രദേശത്തിനകത്തുള്ള ആദിവാസികോളനികളുണ്ട് എന്നും, പാലക്കാട് ജില്ലയോട് ചേർന്നു കിടക്കുന്ന നിരവധി പ്രദേശങ്ങളുണ്ട് എന്നും ഈ ദൂരപരിധിയിൽ 1100 രൂപ നിരക്കിൽ വാഹനം ഓടിക്കാൻ ആളുകൾ തയ്യാറാവുന്നില്ല എന്നും മെഡിക്കൽ ഓഫീസർ അറിയിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയതായോ, പ്രത്യേക അനുമതി വാങ്ങിയതായോ കാണുന്നില്ല. ഇക്കാരണങ്ങളാൽ ഉത്തരവിനു വിരുദ്ധമായി ചെലവിട്ട താഴെ ചേർക്കും പ്രകാരമുള്ള തുകയുടെ ചെലവു നടപടി ഒഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ബിൽ നമ്പർ. തിയ്യതി | ദിവസങ്ങളുടെ എണ്ണം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം |
|---|---|---|---|---|
| 2/16-17 തീ. 26.11.16 | 8 | 8800 | 10400 | 1600 |
| 4/16-17 തീ.15.2.17 | 9 | 9900 | 11700 | 1800 |
| 7/16-17 തീ.6.3.17 | 9 | 9900 | 11700 | 1800 |
| 9/16-17 തീ. 31.03.17 | 4 | 4400 | 5200 | 800 |
| 12/16-17 തീ.31.03.17 | 10 | 11000 | 13000 | 2000 |
| S0 12/16-17 (spill over) ബിൽ. നം. 01/16-17 തീ.30/11/16 | 15 | 16500 | 19500 | 3000 |
| | ആകെ | | | 11000 |

## 3-4 ജില്ലാപഞ്ചായത്ത് വിഹിതം കർഷകർക്ക് വിതരണം ചെയ്യാതെ അക്കൗണ്ടിൽ ബാക്കിനിൽക്കുന്നു.

സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്ടിൽ (പ്രോജക്റ്റ് നമ്പർ. 82/16-17) ആകെ തുകയിൽ 60000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരുന്നു. ഈ തുക 31-03-2017 തിയ്യതിയിൽ വൗച്ചർ നമ്പർ. 11616900061 പ്രകാരം പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെച്ചിട്ടുണ്ട്. എന്നാൽ ഈ തുക വിതരണം ചെയ്യാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചതായാണ് കാണുന്നത്. വാർഷികകണക്കിൽ B4 ഷെഡ്യൂളിൽ പഞ്ചായത്ത് വിഹിതം ബാലൻസ് ഇനത്തിലെ 821300 രൂപയിൽ ഈ തുകയും ഉൾപ്പെട്ടിട്ടുണ്ട്. തൻമൂലം ഹെക്ടറൊന്നിന് കൂലിച്ചിലവിനത്തിൽ 6000 രൂപ നൽകേണ്ട 20 എണ്ണം കർഷകർക്ക് 3000 രൂപ നിരക്കിലെ നൽകാൻ കഴിഞ്ഞിട്ടുള്ളൂ. ആയത് അടിയന്തിരമായി ക്രമീകരിക്കേണ്ടതും കർഷകർക്ക് അർഹമായ വിഹിതം കൈമാറേണ്ടതുമാണ്.

## 3-5 തനതു ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി ക്ക് നൽകിയ

## ഡെപ്പോസിറ്റ് വർക്കുകളുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ചെലവു നടപടി തടസ്സപ്പെടുത്തുന്നു.

| ചെക്ക്/ബിൽ നമ്പർ, തിയ്യതി | തുക | സെക്ഷൻ | പ്രോജക്ടിന്റെ പേര് |
|---|---|---|---|
| 51600933/16.01.2017 | 27279 | കെ.എസ്.ഇ.ബി, പട്ടിക്കാട് | വാർഡ് 1, 18 എന്നിവിടങ്ങളിൽ പോസ്റ്റ് മാറ്റൽ |
| 21601436/16.02.2017 | 14048 | കെ.എസ്.ഇ.ബി, പട്ടിക്കാട് | വാർഡ് 19 ലെ പോസ്റ്റ് മാറ്റൽ |
| 21600780/07.12.2016 | 7334 | കെ.എസ്.ഇ.ബി, പട്ടിക്കാട് | വാർഡ് 11 ലെ പോസ്റ്റ് മാറ്റൽ |
| 51600809/24.12.2016 | 7000 | കെ.എസ്.ഇ.ബി, പട്ടിക്കാട് | വാർഡ് 14 ലെ പോസ്റ്റ് മാറ്റൽ |
| ch.023481/ 16.6.16 | 16814 | കെ.എസ്.ഇ.ബി, പുത്തൂർ | വാർഡ് 18 ലെ പോസ്റ്റ് മാറ്റൽ |
| ch.023482/16.6.16 | 12905 | കെ.എസ്.ഇ.ബി, പട്ടിക്കാട് | വാർഡ് 8 ലെ പോസ്റ്റ് മാറ്റൽ |
| 21600378/13.08.16 | 15401 | കെ.എസ്.ഇ.ബി പട്ടിക്കാട് | വാർഡ് 5 ലെ പോസ്റ്റ് മാറ്റൽ |
| 21600377/13.08.16 | 16213 | കെ.എസ്.ഇ.ബി പട്ടിക്കാട് | വാർഡ് 20ലെ പോസ്റ്റ് മാറ്റൽ |
| 21600810/24.12.16 | 6424 | കെ.എസ്.ഇ.ബി പട്ടിക്കാട് | വാർഡ് 14ലെ പോസ്റ്റ് മാറ്റൽ |
| ആകെ | 123408 | | |

ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതു വരെ ചെലവു തുക 123408/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ തെരുവ് വിളക്ക് സാധനങ്ങൾ വാങ്ങലും പരിപാലിക്കലും - കോൺട്രാക്ടർമാരിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

പദ്ധതി നമ്പർ-173/17, പദ്ധതി നമ്പർ-5/17

മേൽ പ്രൊജക്ടുകളിൽ, തെരുവ് വിളക്ക് പരിപാലനത്തിന്റെ കോൺട്രാക്ടർമാരായ ശ്രീ.ലിജോ. പി.എ., ശ്രീ.വിൻസൺ.പി.ടി., ശ്രീ.ഷൈജു ദേവസ്സി എന്നിവർക്ക് കോൺട്രാക്ട് പ്രകാരമുള്ള തുക നൽകിയപ്പോൾ നിയമാനുസൃതമായ ആദായനികുതി ഈടാക്കിയിട്ടില്ല. തുക നൽകിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പേര് | വൗച്ചർ നം. തിയതി | തുക |
|---|---|---|
| ലിജോ.പി.എ | 21600632/dt.26/10/16 | 37525 |
| വിൻസൺ.പി.ടി. | 21600633/ dt.26/10/16 | 7600 |
| വിൻസൺ.പി.ടി. | 21600814/dt.24/12/16 | 17725 |
| ഷൈജു ദേവസി | 21600812/dt.24/12/16 | 24725 |
| ലിജോ.പി.എ | 21600811/dt.24/12/16 | 45450 |
| വിൻസൺ.പി.ടി. | 21600813/dt.24/12/16 | 16525 |
| വിൻസൺ.പി.ടി. | 21601073/dt.27/2/17 | 21250 |
| ലിജോ.പി.എ. | „ | 27050 |
| ഷൈജു ദേവസ്സി | „ | 81775 |
| ഷൈജു ദേവസ്സി | 71600369/ dt.31/3/17 | 45750 |
| ലിജോ.പി.എ. | ലഭ്യമല്ല /31/3/17 | 41746 |
| ഷൈജു ദേവസ്സി | 71600012/ dt.22/10/16 | 48375 |
| വിൻസൺ. പി.ടി. | 21600517/dt.20/9/16 | 18525 |
| ലിജോ.പി.എ | 21600518/ dt.20/9/16<br>21600519/dt.20/9/16 | 38700 |

ഓരോരുത്തർക്കും മൊത്തം നൽകിയ തുക കണക്കാക്കി , നിയമാനുസൃതമായ ആദായനികുതി ഈടാക്കേണ്ടതാണ്.

# 3-7 ഹെഡ്മാസ്റ്റർ, എൽ.പി. സ്കൂൾ നിർവഹണോദ്യോഗസ്ഥനായ പദ്ധതി-വിദ്യാർത്ഥികൾക്ക് ഫുട്ബോൾ, നീന്തൽ പരിശീലനം, സ്പോർട്സ് കിറ്റ് വിതരണം,ഫുട്ബോൾ സമ്മർ കോച്ചിംഗ്-നടത്തിപ്പിലെ അപാകതകൾ

വികസനഫണ്ട്-300000/

ബിൽ നം.1/2016-17, dt.17/2/17

പദ്ധതിയുടെ ഭാഗമായി, വിദ്യാർത്ഥികൾക്ക് ഫുട്ബോൾ സമ്മർ കോച്ചിംഗ്, ഫുട്ബോൾ, നീന്തൽ പരിശീലനം എന്നിവയാണ് നടത്തിയിട്ടുള്ളത്. ഫുട്ബോൾ പരിശീലന ക്യാമ്പിൽ 50 കുട്ടികൾക്ക് ഭക്ഷണം നൽകിയ വകയിൽ, ഒരു കുട്ടിയ്ക്ക് 30/ രൂപാ നിരക്കിൽ, 40 ദിവസം ഭക്ഷണം വിതരണം ചെയ്ത വകയിൽ, 60000/ രൂപാ, ശ്രീമതി.ജയശ്രീ, പെരിഞ്ചേരി ഹൗസ്, പട്ടിക്കാട് എന്നവർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഫുട്ബോൾ പരിശീലന ക്യാമ്പ് അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം, 48 ദിവസം ആണ് പരിശീലനപരിപാടി നടന്നിരിയ്ക്കുന്നത്. പരിശീലനത്തിൽ പങ്കെടുത്തത് 30 കുട്ടികൾ മാത്രമാണ്.

48 ദിവസത്തെ ഭക്ഷണത്തിനായി നൽകാവുന്ന തുക= 30x30x48=43200

നൽകിയ തുക= 60000

അധികം നൽകിയ തുക= 60000-43200=16800/

ഫുട്ബോൾ സമ്മർ കോച്ചിംഗ് പരിപാടിയിൽ, 50 കുട്ടികൾക്ക്, ഭക്ഷണം നൽകിയ വകയിൽ, ശ്രീമതി.ജയശ്രീ, പെരിഞ്ചേരി ഹൗസ് എന്നവർ 36000/ രൂപാ കൈപ്പറ്റിയിട്ടുണ്ട്. അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം 27 ദിവസത്തെ ക്ലാസിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം 20 ആണ്.

ഭക്ഷണത്തിനായി അനുവദിയ്ക്കാവുന്ന തുക=20x30x27=16200

അനുവദിച്ച തുക = 36000

അധികം നൽകിയ തുക=36000-16200=19800

കുട്ടികൾക്കായുള്ള നീന്തൽ പരിശീലനത്തിന്, ഐശ്വര്യ സ്വാശ്രയ സംഘം പ്രസിഡന്റ്, ശ്രീമതി. ലീനാ സൈമൺ ന്റെ അപേക്ഷ പ്രകാരം, ഒരു കുട്ടിയ്ക്ക് 30/ രൂപാ പ്രകാരം 30 കുട്ടികൾക്ക് 36 ദിവസം ഭക്ഷണം നൽകിയതിനായി 32400/ രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ നീന്തൽ പരിശീലനത്തിന്റെ അറ്റന്റൻസ് രജിസ്റ്റർ പ്രകാരം, 24 ദിവസം മാത്രമാണ് പരിശീലനം നടന്നിട്ടുള്ളത്.

30 കുട്ടികൾക്ക് 24 ദിവസത്തേയ്ക്ക് നൽകാവുന്ന തുക=30x30x24=21600

നൽകിയ തുക =32400

അധികം നൽകിയ തുക=32400-21600=10800

ആകെ അധികം നൽകിയ തുക=16800+19800+10800=47400

കൂടാതെ ഈ പദ്ധതിയിൽ, പദ്ധതിയുടെ ഇംപ്ലിമെന്റേഷന് ഹെഡ്മാസ്റ്റർക്ക്, 3000/ രൂപാ നൽകിയിട്ടുണ്ട്. ഇംപ്ലിമെന്റേഷന് തുക നൽകിയത് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല. അധികം നൽകിയ 50400/ രൂപാ (47400+ 3000) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-8 കൈപ്പറ്റ് രശീത് ഇല്ല-ചെലവ് തുക 482953 രൂപ തടസ്സപ്പെട്ടു ത്തുന്നു

താഴെ പറയുന്ന പ്രോജക്ടുകൾക്കായി ചെലവ് ചെയ്ത തുകകൾ കൈപ്പറ്റ് രശീതിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി നം, | പദ്ധതിയുടെ പേര് | ബിൽ നം.തിയതി | തുക/കൈമാറിയ സ്ഥാപനം |
|---|---|---|---|
| 48/17 | സാമൂഹ്യസുരക്ഷാമിഷൻ പ്രവർത്തന ഫണ്ടിലേക്ക് സംഭാവന | 8/16-17, dt.21/11/16 | 200000/സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 88/17 | ഐ.കെ.എം.വിഹിതം നൽകൽ | 22/16-17,dt.27/2/17 | 282953/ഐ.കെ.എം. |
| ആകെ | | | 482953 |

കൈപ്പറ്റ് രശീത് ഹാജരാക്കേണ്ടതാണ്.

## 3-9 വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെപറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

| പദ്ധതി നം. | പദ്ധതിയുടെ പേര് | ബിൽ നം, തിയതി. തുക | കൈമാറിയ സ്ഥാപനം |
|---|---|---|---|
| 47/17 | എസ്.എസ്.എ വിഹിതം നൽകൽ | 10/16-17,dt.21 /11/16, 721820/- | SSA ജില്ലാ പ്രോജക്ട് ഓഫീസർ |
| 271/17 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ അറ്റ് എസ്.ടി കോളനി വാർഡ്, 7, 8A | ബിൽ നം.35/16-17, dt.29/3/17, 492182/- | KSEB |
| ആകെ | | 1214002 | |

വിനിയോഗസാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവ് തുക 1214002 രൂപ തടസ്സപ്പെടുത്തുന്നു

## 3-10 സെക്രട്ടറി നിർവഹണോദ്യഗസ്ഥനായി ജനറേറ്റർ വാങ്ങൽ- ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി ഇല്ലാതെ ജനറേറ്റർ പ്രവർത്തിക്കുന്നു

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.288/17 പ്രകാരം ശ്മശാനത്തിലേയ്ക്ക് 10 KV ജനറേറ്ററും, പദ്ധതി നം. 300/17 പ്രകാരം പഞ്ചായത്ത് ഓഫീസിലേയ്ക്ക് 20 KV ജനറേറ്ററും വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിലെ ജനറേറ്റർ എന്നപദ്ധതിയ്ക്ക് ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഓഫീസിലെ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ B2-9043/17/EIP -ാം നമ്പർ കത്ത് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഈ കത്തിലെ ഒന്നാം നമ്പർ നിർദേശ പ്രകാരം, ജനറേറ്ററിന്റെ എനർജൈസേഷൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ഇല്ലാതെ നടത്തുകയാണെങ്കിൽ ശിക്ഷണ നടപടിയ്ക്ക് വിധേയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ശ്മശാനത്തിലെ ജനറേറ്ററിന് നാളിതുവരെ അനുമതി പോലും വാങ്ങിയിട്ടില്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി ഇല്ലാതെ 2017 മേയ് മാസം മുതൽ പഞ്ചായത്ത് ഓഫീസിലെ ജനറേറ്റർ നിയമവിരുദ്ധമായി പ്രവർത്തിയ്ക്കുന്നുണ്ട്. തെറ്റായ ഈ നടപടി ഒഴിവാക്കേണ്ടതും, ജനറേറ്ററിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി വാങ്ങേണ്ടതുമാണ്.

## 3-11 സ്ട്രീറ്റ് ലൈറ്റ് -സ്റ്റോക്ക് വിതരണരേഖകൾ കൃത്യമല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഇ-ടെണ്ടറിംഗ് നടത്തി, പ്രോജക്ട് നം.303/17, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, പ്രോജക്ട് നം.317/17, പീച്ചി 13-ാം വാർഡിൽസ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾക്കായി താഴെ പറയും പ്രകാരം തുക ചെലവ് ചെയ്ത്, അല്ലമിനഇലക്ട്രോണിക്സ്, വാളന്തോട്, കക്കാടംപോയിൽ എന്ന സ്ഥാപനത്തിൽ നിന്നും എൽ.ഇ.ഡി. തെരുവ് വിളക്കുകൾ വാങ്ങിയിട്ടുണ്ട്.

എ)പ്രോജക്ട് നം.303/17, ചെലവ്-756000/,ബിൽ നം.38/16-17,തിയതി.29/3/17

ബി)പ്രോജക്ട് നം.317/17, ചെലവ്-226800/,ബിൽ നം.32/16-17,തിയതി,29/3/17

എന്നാൽ വാങ്ങിയ തെരുവ് വിളക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. ഓഡിറ്റ് സമയത്ത് സ്റ്റോക്ക് രജിസ്റ്റർ ഇനം തിരിച്ച് കാണിക്കാതെ, സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് ചേർത്തിട്ടുണ്ട് എന്നതല്ലാതെ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഒന്നും തന്നെ ചേർത്ത് കാണുന്നില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 982800 രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 പ്രിന്റിംഗ് ജോലികൾ കരാർ ഏൽപ്പിച്ച സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

2016-17 സാമ്പത്തിക വർഷത്തിൽ, പാണഞ്ചേരി പഞ്ചായത്തിൽ അച്ചടി ജോലികൾ കരാർ ഏറ്റെടുത്ത ജെ.കെ. പ്രിന്റേഴ്സ്, പട്ടിക്കാട് എന്ന സ്ഥാപനത്തിന് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നിന്നും, നിയമാനുസൃതമായ ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു. (ആദായനികുതി നിയമം, വകുപ്പ് 194C പ്രകാരം).

| സ്ഥാപനത്തിന്റെ പേര് | വൗച്ചർ നം. തിയതി | തുക |
|---|---|---|
| ജെ.കെ.പ്രിന്റേഴ്സ്, പട്ടിക്കാട് | 21600625,25/10/16 | 107927 |
| " " | ലഭ്യമല്ല, 9/16 | 24357 |
| " " | 2160385,31/3/17 | 40673 |
| " " | ലഭ്യമല്ല, 9/16 | 21366 |

മൊത്തം തുക കണക്കാക്കി ഈ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതമായ ആദായനികുതി ഈടാക്കേണ്ടതാണ്.

## 3-13 ഗ്യാസ് ക്രിമിറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിൽ അനിശ്ചിതമായ കാലതാമസം-നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ ഗ്യാസ് ക്രിമിറ്റോറിയത്തിന്റെ നിർമ്മാണം 1.3.2014 ൽ ആരംഭിക്കുകയും കെട്ടിട നിർമ്മാണവും യന്ത്രസംസ്ഥാപനവും ഉൾപ്പെടെയുള്ള പണികൾ 3.3.2015 ന് പൂർത്തീകരിക്കുകയും ചെയ്തു. 2920000/- രൂപ ചെലവഴിച്ച് പൂർത്തീകരിച്ച ശ്മശാനം തുടർ നടപടികളിലെ അനിശ്ചിതമായ കാലതാമസം മൂലം ഇന്നോളം പ്രവർത്തനക്ഷമമായിട്ടില്ല.

പണി പൂർത്തിയായി ഒരു വർഷം കഴിഞ്ഞ് 23.5.16 നാണ് ശ്മശാനം സൂക്ഷിപ്പിനും പ്രവർത്തനത്തിനുമായി കരാറടിസ്ഥാനത്തിൽ ആളെ നിയമിക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുന്നത് (തീരു.നം.2/23.5.16). ടി തീരുമാനപ്രകാരമുള്ള പത്രപ്പരസ്യം നൽകാൻ ഭരണ സമിതി തീരുമാനിച്ചതാകട്ടെ, പിന്നെയും നാലു മാസം കഴിഞ്ഞ് (തീരു. നം 18 (1)/27.9.2016). കരാറടിസ്ഥാനത്തിലുള്ള ശ്മശാനം നടത്തിപ്പിന് ബൈലോ ഉണ്ടാക്കാൻ തീരുമാനിച്ചതും ഒരു കൊല്ലം കഴിഞ്ഞ്(തീരു.നം.2/23.5.16). ആയതിന്റെ തുടർന്നുള്ള നടപടിക്രമങ്ങൾ ഇന്നോളവും പൂർത്തിയാവുകയോ ബൈലോ നിലവിൽ വരികയോ ചെയ്തിട്ടില്ല. 16.6.2016 ൽ പ്രസിദ്ധീകരിച്ച കരട് ബൈലോ ഭരണസമിതി അംഗീകരിച്ചത് 5.4.2017ൽ [തീരു.നം.2(7)(1)/5.4.17]. ഫയൽ പ്രകാരം ആയത്

ഭരണവകുപ്പിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തതാകട്ടെ 22.9.2017നും. ഇതിനിടയിൽ, ബി.2/14460/16 തീ. 23.11.16 പ്രകാരം ക്രിമിറ്റോറിയം പ്രവർത്തിപ്പിക്കുന്നതിന് പരിചയസമ്പന്നരായ വ്യക്തികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു കൊണ്ടുള്ള നോട്ടീസ് പുറപ്പെടുവിക്കുകയും 29.3.2017 ന് 298000/- രൂപ ചെലവഴിച്ച് ജനറേറ്റർ വാങ്ങുകയും ചെയ്തിട്ടുണ്ട്.

ശ്മശാനനിർമ്മാണം സമയോചിതമായി നടന്ന ശേഷവും തുടർനടപടികൾക്കായി രണ്ടര വർഷം വേണ്ടി വരികയും എന്നാൽ സകല നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടും ഇന്നോളം ആയത് പ്രവർത്തനക്ഷമമാക്കാൻ കഴിയാതിരിക്കുകയും ചെയ്ത സാഹചര്യം പഞ്ചായത്ത് അധികൃതരുടെ തലത്തിലും ഭരണസമിതി തലത്തിലും വിശദീകരിക്കേണ്ടതും അതോടൊപ്പം ശ്മശാനത്തിന്റെ നിലവിലെ അവസ്ഥയും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-14 ടെണ്ടർഫോറം വില പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്.

2016-17 വർഷത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ ആകെ 13 പ്രവർത്തികളാണ് ഇ -ടെണ്ടർ ചെയ്തിട്ടുള്ളത്. ആയതിന്റെ ടെണ്ടർഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത്. 2016-17 വർഷത്തിൽ 100930/- രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ടി തുക പഞ്ചായത്തിനു ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

2016-17 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 2016-17 വർഷത്തെ മൊത്തം അടങ്കൽ | 452228945 | |
| 2016-17 വർഷത്തെ മുൻ ബാക്കി | - | |
| 2016-17 വർഷത്തെ ആകെ വരവ് | 22380000 | |
| 2016-17 വർഷത്തെ ആകെ ചെലവ് | 22355000 | |
| 2016-17വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 25000 | വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിലെ ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പ് 43310/- രൂപയാണ്.ആയത് പൊരുത്തപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |

| | | |
|---|---|---|
| 2016-17 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | 1941 | |
| 2016-17 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 187 | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 5118 | |
| 2016-17 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 71332 | |
| പട്ടികജാതി | 10607 | |
| പട്ടികവർഗ്ഗം | 5143 | |
| മറ്റുള്ളവർ | 55582 | |
| ആകെ | 71332 | |
| സ്ത്രീകൾ | 65148 | |
| പുരുഷൻമാർ | 6184 | |
| 2016-17 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 1963 | |
| 2016-17 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 18 | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | -- | |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ വിതരണം ചെയ്ത വേതനം | 21091819 | |

| പദ്ധതികൾ സംബന്ധിച്ച വിശാദാംശം | | |
|---|---|---|
| പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
| വനവൽക്കരണം | 34 | 4608160 |
| ചെറുകിട ജലസേചന പദ്ധതികൾ | 1 | 4190 |
| ദുർബല ജനവിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ | 2 | 463350 |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 88 | 1722570 |
| ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | 27 | 4899590 |
| ഭൂവികസന പ്രവൃത്തികൾ | 50 | 9037740 |

| | ആരംഭിച്ച പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കിണർ | 2 | 136830 |
| IHHL | 6 | 5520 |
| Farm pound | 3 | 213870 |
| Composit Pit | - | |
| Road Concrete | - | |
| Drain | - | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | മുൻവർഷങ്ങളിൽ ലഭിച്ച തുക ചെലവാകാതെ അവശേഷിക്കുന്നത് | - | - | 438684 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 425000 | 0 | 0 |
| | ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
| OB | | | | | 438684 |
| ജില്ലാപഞ്ചായത്ത് | 2016-17 | 100000 | കരുവന്നൂർ വാട്ടർ ഷെഡ് | 38700 | 61300 |
| ജില്ലാപഞ്ചായത്ത് | 2016-17 | 225000 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 225000 | 0 |
| ജില്ലാപഞ്ചായത്ത് | 2016-17 | 700000 | മണലിപ്പുഴ മാലിന്യ നിർമ്മാർജ്ജനം | 0 | 700000 |
| ജില്ലാപഞ്ചായത്ത് | 2016-17 | 60000 | നെൽകൃഷി വികസനം | 0 | 60000 |
| | | | | | 821300 |
| CB | | | | | 1259984 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പട്ടികവർഗ്ഗ കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻവലിക്കൽ (പ്രോജക്ട് 271/17) | 21601336/31.3.17 | 492182 | 0 | 492182 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിലേക്ക് പോസ്റ്റുകൾ മാറ്റുന്നത് (പ്രോജക്ട് 7/17) | 21600664/1.11.16<br>21600665/1.11.16<br>21600694/3.11.16<br>21600809/24.12.16 | 48204 | 0 | 48204 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിലേക്ക് | 21600779/9.12.16 | 48661 | 0 | 48661 |

| | | | | | |
|---|---|---|---|---|---|
| | പോസ്റ്റുകൾ മാറ്റുന്നത് (പ്രോജക്ട് 83/17) | 21600985/8.2.17<br>21601436/31.3.17 | | | |

ബാലൻസ് തുക വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | തിരിച്ചടക്കാനുള്ള മുൻ ബാക്കി | തൻവർഷം തിരിച്ചടച്ചത് | വർഷാവസാനം ബാക്കി |
|---|---|---|---|---|---|
| E.M.Sഭവനപദ്ധതി | 394/2010 /4.2.10 | 14927800 | 527323 | 400000 | 127323 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 100385130 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 92703010 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 50400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2914163 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-7 | - | 50400 | രഞ്ജിനി.സി, ഹെഡ്മിസ്ട്രസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 100000 | ജോൺ ജേക്കബ്, വെറ്ററിനറി സർജൻ |
| 3-3 | 1600 | ഡോ.ശ്രീജ,മെഡിക്കൽ ഓഫീസർ .പി.എച്ച് .സി |
| | 9400 | ഡോ.സജീന.എ,മെഡിക്കൽ ഓഫീസർ .പി.എച്ച് .സി |
| 3-5 | 123408 | ഭാസുരാംഗൻ. വി, സെക്രട്ടറി |
| 3-8 | 482953 | ഭാസുരാംഗൻ. വി, സെക്രട്ടറി |
| 3-9 | 1214002 | ഭാസുരാംഗൻ. വി, സെക്രട്ടറി |
| 3-11 | 982800 | ഭാസുരാംഗൻ. വി, സെക്രട്ടറി |
| ആകെ | 2914163 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര് ഉദ്യോഗപ്പേര് | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രഞ്ജിനി.സി ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.സ്കൂൾ, പാണഞ്ചേരി | ചോരിഞ്ചാത്ത് , ചേർപ്പ് വെസ്റ്റ്, തൃശ്ശൂർ |

| | പഞ്ചായത്ത് | |
|---|---|---|

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93,1993-94 | എൽ .എഫ്.ടി9-1660/95/ 6.2.96 |
| 1994-95,95-96 | എൽ . എഫ്. ടി9- 1646/ 7.2.98 |
| 1996-97 ചെലവ് | എൽ.എഫ്.ടി11- 1430/ 98/12.4.99 |
| 1996-97ഫൈനൽ | എൽ . എഫ്. ടി11- 1344/ 06/15.5.07 |
| 1997-98ചെലവ് | എൽ . എഫ്. ടി11-1428/ 98/12.4.99 |
| 1997-98 | എൽ.എഫ്. ടി11- 1345/06/ 15.5.07 |
| 1998-99ചെലവ് | എൽ . എഫ്. ടി11- 1143/00/ 6.6.00 |
| 1998-99ഫൈനൽ | എൽ.എഫ്.ടി11-1761/07/ 24.5.08 |
| 99-00ചെലവ് | എൽ.എഫ്.ടി11-757/03/ 15.9.03 |
| 99-00ഫൈനൽ | എൽ.എഫ്.ടി11-2364/07/ 27.5.08 |
| 00-01, 01-02 ഫൈനൽ | എൽ.എഫ്.ടി11-287/04/ 21.5.04 |
| 2000-01,2001-02 | എൽ.എഫ്.ടി11-1734/07/ 25.5.08 |
| 2002-03 | എൽ.എഫ്.ടി11-1048/08/ 31.8.09 |
| 2003-04 | എൽ.എഫ്.ടി11-1049/08/ 31.8.09 |
| 2004-05 | എൽ .എഫ്.ടി11-291/09 |
| 2005-06 | എൽ.എഫ്.ടി11-1738/13.3.10 |
| 2006-07 | എൽ .എഫ്.ടി11-1739/12/ 24.7.10/10.12.10 |
| 2007-08 | എൽ .എഫ്.ടി.4-88/12/ 30.3.12 |
| 2008-09 | എൽ .എഫ്.ടി.പി.4-89/12/ 31.3.12 |
| 2009-10 | എൽ .എഫ്.ടി.പി 4-90/12/ 9.4.12 |
| 2010-11 | എൽ .എഫ്.ടി.പി.4-91/12/ 4.4.12 |
| 2011-12 | എൽ .എഫ്.ടിപി.4-855/13/ 7.9.13 |
| 2012-13 | എൽ .എഫ്.ടിപി.8-218/14/ 16.9.14 |
| 2013-14 | എൽ .എഫ്.ടി.പി8-13/15/ 8.5.15 |
| 2014-15 | എൽ .എഫ്.ടി.പി.8-1064/16/ 30.6.16 |

| | |
|---|---|
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി8)1891/16<br>തീയതി 01.11.2016 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി8)1630/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 29.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No. KSA-TSR(P8)1630/2017

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated : 29.11.2017

# AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Pananchery Gramapanchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Pananchery Grama Panchcyat for the year 2016-17 except

the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office

Thrissur.